**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4914** **11-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കാമോ; ബ്ലഡ് സെന്ററിന് ലൈസൻസ് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമോ എന്നറിയിക്കാമോ; | (എ) | നിലവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സ്റ്റോറേജ് സെന്ററാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം ഏകദേശം 200 യൂണിറ്റോളം രക്തമാണ് ടി സെന്ററിൽ നിന്നും ട്രാൻസ്ഫ്യൂസ് ചെയ്യുന്നത്. രക്തത്തിന്റെ ആവശ്യകത ഉയരുന്നതിനാൽ നിലവിലുള്ള ബ്ലഡ് സ്റ്റോറേജ് സെന്ററിനെ ബ്ലഡ് കംപോണന്റ് യൂണിറ്റായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ആശുപത്രി അധികൃതരുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ബ്ലഡ് സെന്ററിന് വേണ്ട കെട്ടിടമടക്കമുള്ള ഭൗതിക സൗകര്യങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പൂർത്തിയായ സ്ഥിതിക്ക് ട്രാൻസ് ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് സർജൻ അടക്കമുള്ള കൂടുതൽ ജീവനക്കാരെ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ബ്ലഡ് ബാങ്ക് വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ ആശുപത്രിയിൽ ആരംഭിക്കാനിരിക്കുന്ന ബ്ലഡ് സെന്ററിൽ ഒരുക്കാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ബ്ലഡ് കോമ്പണന്റ് സെപ്പറേഷൻ യൂണിറ്റ് (ബി.സി.എസ്.യു) ബ്ലഡ് സെന്ററിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ടോ ; | (സി) | പുതുതായി ആരംഭിക്കുന്ന ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റിന് ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എൻ.എച്ച്.എം മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഓർഡർ നൽകിയിട്ടുണ്ട്. |
| (ഡി) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ആരംഭിക്കാനിരിക്കുന്ന ബ്ലഡ് സെന്ററിൽ പ്രാദേശിക രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ബ്ലഡ് | (ഡി) | നിലവിൽ കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ചുമതലയുള്ള 2 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകൾ മലപ്പുറം ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അത് ജില്ലാ ആശുപത്രി |

| | | | |
|---|---|---|---|
| | മൊബൈൽ വാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | പെരിന്തൽമണ്ണയിലും മഞ്ചേരി മെഡിക്കൽ കോളേജിലുമാണ് അനുവദിച്ചിരിക്കുന്നത്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ 2 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകളുടെ സേവനം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കൂടി കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ